പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5655 05.07.2013-ൽ മറുപടിക്ക്.

## പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും മിനിമം വേതനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ:<br>ശ്രീമതി. കെ.എസ്. സലീഖ:<br>ശ്രീ. കെ കുഞ്ഞിരാമൻ (ഉദുമ) :<br>ശ്രീ. കെ.കെ.നാരായണൻ: | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും മിനിമം വേതനം ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായോ; | (എ) | നിർദ്ദേശിക്കുകയുണ്ടായി |
| (ബി) | എന്ന് മുതൽക്കാണ് ഈ നിരക്കിൽ അവർക്ക് ശമ്പളം നൽകി തുടങ്ങിയത്; | (ബി) | 1/8/2012 മുതൽ |
| (സി) | വേതനം നൽകുന്നതിൽ സർക്കാരിന് എന്തെങ്കിലും വീഴ്ച വന്നതായി വിലയിരുത്തിയിട്ടുണ്ടോ; | (സി) | പ്രീ-പ്രൈമറി ജീവനക്കാരെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ വേതനം വിതരണം ചെയ്യുന്നതിനും സ്വാഭാവികമായ കാലതാമസം ഉണ്ടായിട്ടുണ്ട്. വീഴ്ചയുണ്ടായതായി ശ്രദ്ധയിൽ-പ്പെട്ടിട്ടില്ല. |

(ഡി) വേതനം നൽകിയതു സംബന്ധിച്ച് ഹൈക്കോടതി സർക്കാരിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; ആയത് നൽകുകയുണ്ടായോ;

(ഡി) വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ഹാജരാക്കിയിട്ടുള്ളതാണ്.

(ഇ) ഇത് സംബന്ധിച്ച് ഹൈക്കോടതി-യുടെ അന്ത്യശാസനം വല്ലതു-മുണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിനിടയാക്കിയ സാഹചര്യ മെന്താണ്; വിശദമാക്കാമോ?

(ഇ) പ്രീ-പ്രൈമറി ജീവനക്കാർക്ക് അനുവദിച്ച വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം 20.06.2013 ന് മുമ്പ് കുടിശ്ശിക തീർത്ത് വിതരണം ചെയ്യാനും അല്ലാത്ത പക്ഷം ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശമ്പളം തടയാനും 31.05.2013 ൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് അർഹതപ്പെട്ട മുഴുവൻ ജീവനക്കാർക്കും കുടിശ്ശിക തീർത്ത് ഓണറേറിയം നൽകുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 12.6.2013 ലെ ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ